LIBRARY ARCHIVES Kerala Legislative Assembly

©
Government of Kerala
കേരള സർക്കാർ
2007

Reg. No. രജി നമ്പർ
KL/TV(N)/12/2006-2008

# KERALA GAZETTE

# കേരള ഗസറ്റ്

## EXTRAORDINARY

## അസാധാരണം

## PUBLISHED BY AUTHORITY

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LII<br>വാല്യം 52 | Thiruvananthapuram, Thursday<br>തിരുവനന്തപുരം, വ്യാഴം | 21st June 2007<br>2007 ജൂൺ 21<br>31st Jyaishta 1929<br>1929 ജ്യേഷ്ഠം 31 | No. നമ്പർ 1161 |

## കേരള സർക്കാർ

നിയമ (നിയമ നിർമ്മാണ-യൂണിഫിക്കേഷൻ) വകുപ്പ്

### വിജ്ഞാപനം

നമ്പർ 13809/ലെഗ്.യൂണി.2/07/നിയമം. തിരുവനന്തപുരം, 2007 ജൂൺ 21
1929 ജ്യേഷ്ഠം 31.

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിനായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2007 ജൂൺ 21-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം.

പി. ബി. ഷൗക്കത്തലി,
*നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി.*

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2007

13/2465/2007/DTP.

## 2007-ലെ 13-ാം ആക്റ്റ്

# 2007-ലെ കേരള വർഷകാല മൽസ്യബന്ധനം (സമുദ്രോപരിതലം) സംരക്ഷണം ആക്ററ്

പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് ജീവിത സുരക്ഷയ്ക്കും, ജീവിത മാർഗ്ഗത്തിനുമായി സംസ്ഥാനത്ത് വർഷകാലത്തെ ചാകര പോലുള്ള അസാമാന്യമായ സമുദ്രോപരിതല മൽസ്യ സ്രോതസ്സുകളെ ചൂഷണം ചെയ്യുന്നതിലൂടെ സമുദ്രോപരിതല മൽസ്യബന്ധനത്തെ ആശ്രയിച്ചുള്ള ഉപജീവനം ഉറപ്പ് വരുത്തുന്നതിനും അവയെ ക്രമീകരിക്കുന്നതിനും, അതിന് അനുബന്ധമോ ആനുഷംഗികമോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്ററ്

പീഠിക.—പരമ്പരാഗത മൽസ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന പരമ്പരാഗതവും, പരിഷ്കരിച്ചതുമായ വള്ളങ്ങൾ ഉപയോഗിച്ച് വർഷകാലത്ത് സമുദ്രോപരിതല മൽസ്യബന്ധനം നടത്തുന്നതിനും അത് ക്രമീകരിക്കുന്നതിനും, അതിന് അനുബന്ധവും ആനുഷംഗികവുമായിട്ടുള്ള കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തെട്ടാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2007-ലെ കേരള വർഷകാല മൽസ്യബന്ധനം (സമുദ്രോപരിതലം) സംരക്ഷണം ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻതന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനം.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ" എന്നാൽ സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി അധികാരപ്പെടുത്തിയിട്ടുള്ളതും ഈ ആക്റ്റിലെ വ്യവസ്ഥകളിൽ പരാമർശിച്ചിട്ടുള്ളതുമായ കാര്യങ്ങളെ സംബന്ധിച്ച് അധികാരപ്പെടുത്തിയിട്ടുള്ള അത്തരത്തിലുള്ള ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) "മൽസ്യബന്ധന യാനം" എന്നാൽ കടലിൽ മൽസ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന യാന്ത്രികമായി ചലിപ്പിക്കുന്നതിനുള്ള സജ്ജീകരണം ഘടിപ്പിച്ചതോ അല്ലാത്തതോ ആയ ഒരു യാനം എന്നർത്ഥമാകുന്നതും, അതിൽ,—

(i) കട്ടമരവും,

(ii) ഒരു നാടൻ വള്ളവും, കൂടാതെ

(iii) ഒരു വള്ളവും

ഉൾപ്പെടുന്നതുമാകുന്നു;

(സി) "പരമ്പരാഗത മൽസ്യത്തൊഴിലാളി" എന്നാൽ ഉപജീവനത്തിനായി പരമ്പരാഗതമോ പരിഷ്കരിച്ചതോ ആയ പരമ്പരാഗത വള്ളവും വലയും ഉപയോഗിച്ചോ ഉപയോഗിക്കാതെയോ മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിട്ടുള്ള ഏതൊരാളും എന്നർത്ഥമാകുന്നു;

(ഡി) "പരിഷ്കരിച്ച പരമ്പരാഗത വള്ളവും വലയും" എന്നാൽ പരമ്പരാഗത വള്ളവും വലയും അവയുടെ ആകൃതിയിലും രൂപത്തിലും വലിപ്പത്തിലും പരിഷ്കാരം വരുത്തി പരമ്പരാഗത മൽസ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന, ചലിപ്പിക്കുന്നതിന് മാത്രം എൻജിനും മോട്ടോറുകളും ഉപയോഗിക്കുന്നതുൾപ്പെടെയുള്ള, നാടൻ വള്ളമോ യാനമോ എന്നർത്ഥമാകുന്നു;

(ഇ) "സമുദ്രോപരിതല മൽസ്യബന്ധനം" എന്നാൽ ഒരു പ്രത്യേക പ്രദേശത്തുള്ള ജലപാളികളിലോ ഉപരിതലത്തിലോ അതിന് താഴെയോ വ്യാപിച്ചുകിടക്കുന്ന മൽസ്യ സ്രോതസ്സിന്റെ ഏതെങ്കിലും ഇനത്തിലുള്ള മൽസ്യങ്ങളെ പിടിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനമോ മൽസ്യബന്ധനമോ എന്നർത്ഥമാകുന്നു;

(എഫ്) "വിനിർദ്ദേശിക്കപ്പെട്ട പ്രദേശം" എന്നാൽ സർക്കാർ ഗസറ്റ് വിജ്ഞാപനംവഴി വിനിർദ്ദേശിച്ച പ്രകാരമുള്ള സംസ്ഥാനത്തെ തീരപ്രദേശത്തോടു ചേർന്നുള്ളതും എന്നാൽ ടെറിറ്റോറിയൽ ജലാതിർത്തിക്കപ്പുറം അല്ലാത്ത സമുദ്രത്തിലെ അപ്രകാരമുള്ള പ്രദേശം എന്നർത്ഥമാകുന്നു;

(ജി) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നതും സംസ്ഥാനത്തുടനീളമുള്ള തീരപ്രദേശത്തോടു ചേർന്ന ടെറിറ്റോറിയൽ ജലാതിർത്തി ഉൾപ്പെടുന്നതുമാകുന്നു.

3. ഈ ആക്റ്റിന്റെ ഏതെങ്കിലും വ്യവസ്ഥയുടെ ആവശ്യത്തിനായി ഉദ്യോഗസ്ഥരെ അധികാരപ്പെടുത്തൽ.—1980-ലെ കേരള സമുദ്ര മൽസ്യബന്ധന നിയന്ത്രണ ആക്റ്റി (1981-ലെ 10-ാം ആക്റ്റ്)-ന്റെ 3-ാം വകുപ്പ് പ്രകാരം സർക്കാർ അധികാരപ്പെടുത്തുന്ന ഏതൊരു ഉദ്യോഗസ്ഥനും ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥയുടെ ആവശ്യത്തിലേക്ക് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥർ ആയിരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

4. വർഷകാലത്ത് മൽസ്യബന്ധനം നടത്താനുള്ള അവകാശം.—ഏതെങ്കിലും നിയമത്തിലോ, കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിലോ, ഡിക്രിയിലോ ഉത്തരവിലോ എന്തു തന്നെ അടങ്ങിയിരുന്നാലും, വർഷകാലത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ടെറിറ്റോറിയൽ ജലാതിർത്തിക്കുള്ളിൽ പരമ്പരാഗതവും പരിഷ്കരിച്ച പരമ്പരാഗതവും ആയ വള്ളവും വലയും ഉപയോഗിച്ച് സമുദ്രോപരിതലത്തിലെ മത്സ്യബന്ധനം നടത്തുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, സമുദ്രത്തിന്റെ അടിത്തട്ടിലുള്ള സമുദ്ര സമ്പത്തിന്റെ പുനരുജ്ജീവനത്തിന് ആവശ്യമായ മൽസ്യക്കുഞ്ഞുങ്ങളേയും മൽസ്യ മുട്ടകളേയും അത്തരത്തിലുള്ള മറ്റ് ഇനങ്ങളേയും ദോഷപ്പെടുത്തുന്ന യാതൊരു മൽസ്യബന്ധന വള്ളമോ, വലയോ, യാനമോ ഉപയോഗിക്കാൻ പാടില്ലാത്തതാണ്:

എന്നുമാത്രമല്ല, ഈ വകുപ്പുപ്രകാരം ഏതെങ്കിലും ആൾ അനുവദിക്കപ്പെട്ട മത്സ്യബന്ധന അവകാശം ദുർവിനിയോഗം ചെയ്യുകയോ അങ്ങനെയുള്ള മത്സ്യബന്ധനം മത്സ്യപ്രജനനത്തിനും സമുദ്രാടിത്തട്ടിലെ മത്സ്യ സമ്പത്തിന് ദോഷകരമായി ബാധിക്കുകയോ ചെയ്യുമെന്ന് സർക്കാരിന് ബോദ്ധ്യപ്പെടുന്ന പക്ഷം, ഈ വകുപ്പുപ്രകാരം അനുവദിക്കപ്പെട്ട അവകാശം ഉത്തരവിലൂടെ നിരോധിക്കാവുന്നതാണ്.

5. മൽസ്യബന്ധനയാനങ്ങളിൽ പ്രവേശിക്കുന്നതിനും പരിശോധിക്കുന്നതിനും ഉള്ള അധികാരം.—അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് ഈ ആക്റ്റിലെ വ്യവസ്ഥകൾക്കോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ഉത്തരവിനോ ചട്ടങ്ങൾക്കോ വിരുദ്ധമായി ഏതെങ്കിലും മത്സ്യബന്ധന യാനമോ, വള്ളമോ, വലയോ ഉപയോഗിക്കുന്നുവെന്നോ ഉപയോഗിച്ചുവെന്നോ വിശ്വസിക്കുവാൻ കാരണമുള്ളപക്ഷം അപ്രകാരമുള്ള യാനത്തിൽ പ്രവേശിക്കാവുന്നതും പരിശോധിക്കാവുന്നതും അപ്രകാരമുള്ള യാനവും അതിലുള്ള മത്സ്യവും, ഉപകരണങ്ങളും ബന്തവസ്സിൽ എടുക്കാവുന്നതും കണ്ടുകെട്ടാവുന്നതുമാണ്.

6. കണ്ടുകെട്ടിയ യാനത്തിന്റേയും മത്സ്യത്തിന്റേയും പണിയായുധങ്ങളുടേയും കൈയൊഴിക്കൽ.—(1) ആക്റ്റിലെ 5-ാം വകുപ്പുപ്രകാരം, ബന്തവസ്സിൽ എടുത്ത മത്സ്യബന്ധന യാനങ്ങൾ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ നിർണ്ണയിക്കപ്പെടാവുന്ന അപ്രകാരമുള്ള സ്ഥലത്തും അപ്രകാരമുള്ള രീതിയിലും സൂക്ഷിക്കേണ്ടതാണ്.

(2) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കണ്ടുകെട്ടിയ വസ്തുക്കളെ നിർണ്ണയിക്കപ്പെടാവുന്ന അപ്രകാരമുള്ള രീതിയിൽ കൈയൊഴിക്കേണ്ടതാണ്.

7. ഉത്തരവുകൾ അസാധുവാക്കുന്നതിനോ ഭേദഗതി വരുത്തുന്നതിനോ സർക്കാരിനുള്ള അധികാരം.—സർക്കാരിന് അപ്രകാരം ചെയ്യുന്നതിന് ആവശ്യമായ സാഹചര്യങ്ങൾ നിലവിലുണ്ടെന്ന അഭിപ്രായമുള്ളപക്ഷം, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്മേലോ പരാതിയിന്മേലോ അല്ലെങ്കിൽ സ്വമേധയായോ, ഈ ആക്റ്റിലെ 4-ാം വകുപ്പോ അല്ലെങ്കിൽ 5-ാം വകുപ്പോ പ്രകാരം പുറപ്പെടുവിച്ച

LIBRARY ARCHIVES Kerala Legislative Assembly

ഏതെങ്കിലും ഉത്തരവ് അസാധുവാക്കുകയോ, റദ്ദാക്കുകയോ ഭേദഗതി വരുത്തുകയോ അതതു സംഗതിപോലെ ചെയ്യാവുന്നതാണ്.

8. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കുന്ന ഓരോ ചട്ടവും, അത് ഉണ്ടാക്കിയ ശേഷം, കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അതിന് തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ ആ ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതിനുശേഷം അതതു സംഗതിപോലെ, രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ, റദ്ദാക്കലോ, ആ ചട്ടപ്രകാരം മുമ്പ് ചെയ്ത ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

GOVERNMENT OF KERALA

**Law (Legislation-Unification) Department**

NOTIFICATION

No.13809/Leg.Uni.2/07/Law. *Dated, Thiruvananthapuram, 21st June, 2007*
*31st Jyaishta, 1929.*

In pursuance of clause (3) of article 348 of the Constitution of India the Governor is pleased to authorise the publication in the Gazette of the following translation in English language of the Kerala Monsoon Fishery (Pelagic) Protection Act, 2007 (13 of 2007).

By order of the Governor,

P. B. SHOUKATHALI,
*Special Secretary (Law).*

LIBRARY ARCHIVES Kerala Legislative Assembly

[Translation in English of "2007-ലെ കേരള വർഷകാല മത്സ്യബന്ധനം (സമുദ്രോപരിതലം) സംരക്ഷണം ആക്റ്റ്" published under the authority of the Governor.]

# THE KERALA MONSOON FISHERY (PELAGIC) PROTECTION ACT, 2007

*An Act to provide for security of life and livelihood of the traditional fishermen and to ensure their subsistence by occupying pelagic fishery through tapping the unique pelagic fishery resources in the State like chakara in monsoon season and to regulate them and for matters connected therewith or incidental thereto.*

*Preamble.*—WHEREAS it is expedient to provide for the pelagic fishery by the traditional fishermen using traditional and modified traditional crafts during monsoon season and to regulate them and for matters connected therewith or incidental thereto;

BE it enacted in Fifty-eighth Year of the Republic of India as follows:—

1. *Short title, extent and commencement.*—(1) This Act may be called the Kerala Monsoon Fishery (Pelagic) Protection Act, 2007.

(2) It extends to the whole State of Kerala.

(3) It shall come into force at once.

2. *Definition.*—In this Act, unless the context otherwise requires,—

(a) "authorised officer" means such officer as the Government may by notification in the Gazette authorise in respect of the matter in which reference is made in the provision of this Act in which the expression occurs;

(b) "Fishing vessel" means a vessel whether or not fitted with mechanical means of propulsion engaged in sea fishing and includes,—

(i) catamaran,

(ii) a country craft and

(iii) a canoe;

(c) "Traditional Fisherman" means any person engaged in fishing with or without traditional or modified traditional crafts and gears for his livelihood;

LIBRARY ARCHIVES Kerala Legislative Assembly

(d) "Modified Traditional Crafts and Gears" means traditional crafts and gears, modified in their shape or form or size including means of propulsion by the usage of motors or engines for the exclusive purpose of propelling the crafts and vessels used by the Traditional Fisherman;

(e) "Pelagic Fishery" means fishery or fishing activities relating to fishing of any species of fish resources distributed in the surface or sub surface or column water areas of the specified area;

(f) "Specified area" means such area in the sea along the entire coast line of the State, but not beyond territorial water, as may be specified by the Government by notification in the Gazette;

(g) "State" means State of Kerala and includes the territorial waters along the entire coast line of the State.

3. *Authorisation of Officers for the purpose of any provision of this Act.*—Any officer of the Government authorised under section 3 of the Kerala Marine Fishing Regulation Act, 1980 (Act 10 of 1981) will be the Authorised Officers for the purpose of any of the provision of this Act.

4. *Right of fishing during the monsoon season.*—Notwithstanding anything contained in any law, judgment, decree or order of court, the traditional fishermen have the right to conduct pelagic fishery during monsoon season using traditional and modified traditional crafts and gears within the territorial waters:

Provided that no fishing craft, gear or vessel, which if used would harm the juvenile fish, egg of the fish and such other species which are necessary for the rejuvenation of the marine wealth found in the sea bed shall be used:

Provided further that, the Government may by an order, ban the right of fishing conferred under this section if they are convinced that any person misuse such fishery which is harmful to fish breeding and fish wealth in the sea bed.

5. *Power to enter and search fishing vessel.*—The authorized officer may, if he has reason to believe that any fishing vessel or crafts and gears is being, or has been, used in contravention of any of the provisions of this Act or of any order or rule made thereunder, enter and search such vessel and impound and confiscate such vessel, fish and the implements thereto.

6. *Disposal of confiscated vessel, fish and implements.*—(1) The authorized officer shall keep the fishing vessels impounded under section 5 of the Act, in such place and in such manner as may be prescribed.

LIBRARY ARCHIVES Kerala Legislative Assembly

(2) The authorized officer shall dispose of the confiscated articles in such manner as may be prescribed.

7. *Power of the Government to revoke or modify the orders.*—The Government may, on report or complaint by the authorized officer or *sou motu* revoke, annul or modify any order issued by them under section 4 or 5 of the Act, as the case may be, if they are of the opinion that the circumstances render it necessary to do so.

8. *Power to make rules.*—(1) The Government may, by notification in the Gazette, make rules for carrying out the provisions of this Act.

(2) Every rule made under this Act shall be laid, as soon as may be after it is made, before the Legislative Assembly, while it is in session, for a total period of fourteen days which may be comprised in one session or in two successive sessions, and if before the expiry of the session in which it is so laid or the session immediately following, the Legislative Assembly makes any modification in the rule or decides that the rule should not be made, the rule shall thereafter have effect only in such modified form or be of no effect, as the case may be; so, however, that any such modification or annulment shall be without prejudice to the validity of anything previously done under that rule.

---

33/2465/07

LIBRARY ARCHIVES Kerala Legislative Assembly